| 19 | Mettupalayam | 8220 | | | | | 2292 | | | | | | | | | | | | | | | | | | | |
| 20 | Thottipalayam | 3200 | | | | | | | | | | | | | | | | | | | | | | | | |
| 21 | P. N.palayam | | | | | | | | | | | | | | | | | | | | | | | | | |
| 22 | Ganapathy | 25000 | | | | | | | 4250 | | | | | | | | | | | | | | | | | |
| 23 | Karur | 11000 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 250 | 100 | 100 | 100 | 100 | | | | | | | | | |
| 24 | Erode | 100000 | 350 | 250 | 300 | 250 | 250 | 250 | 500 | 1000 | 300 | 300 | 250 | 300 | 400 | 300 | 500 | 14900 | | | | | | | | |
| 25 | Sasthrinagar | | 100 | 100 | 100 | 100 | 100 | 100 | 100 | 200 | 100 | 100 | 250 | 100 | 100 | 100 | 100 | | | | | | | | | |
| 26 | Chennimalai | 9860 | 100 | 100 | 100 | 75 | 75 | 50 | 100 | 50 | 55 | 50 | 250 | 50 | 50 | 100 | 140 | | | | | | | | | |
| 27 | Tirupur | 20000 | | | | | | | | | | | | | | | | | | | | | | | | |
| 28 | Kangayam | | | | | | | | | | | | | | | | | | | | | | | | | |
| 29 | Annur | 5000 | | | | | | | | | | | | | | | | | | | | | | | | |
| 30 | Vadakukad | 20125 | | | | | | | | | | | | | | | | | | | | | | | | |

# BISHOP'S ENGAGEMENTS

**March - 2016**

| | | |
|---|---|---|
| 01-9 | : | CBCI General body meeting, Bangalore |
| 12 | : | Pastoral council General body meeting at Ramanathapuram |
| 13 | : | Resource team class, Gandhipuram |
| 15 | : | Eparchial Liturgical committee meeting, Ramanathapuram |
| 20 | : | Palm Sunday, Ramanathapuram Cathedral |
| 21 | : | Priests' Sanctification Day & the Blessing of the Holy Myron Ramanathapuram Cathedral |
| 24 | : | Maundy Thursday, Ramanathapuram Cathedral |
| 25 | : | Good Friday, Ramanathapuram Cathedral |
| 26 | : | Holy Saturday, Ramanathapuram Cathedral |
| 27 | : | Easter, Ramanathapuram Cathedral |
| 28-Apr. 2 | : | Vocation Week observance, Ramanathapuram Cathedral |

# BISHOP'S DIARY

Feb. 1 വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു, വൈദിക സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു

Feb. 2 പ്രതിഷേധ റാലി കമ്മിറ്റി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു

Feb. 4 അൽവേർണിയ സ്കൂൾ ജൂബിലി സ്മാരക ഭവനങ്ങൾ (പാപ്പം പെട്ടിയിൽ) ആശീർവദിച്ചു. അൽവേർണിയ സ്കൂൾ കപ്പേള യിൽ ദിവ്യബലിയർപ്പിച്ചു, വൈകിട്ട് ജൂബിലി പൊതുസമ്മേള നത്തിൽ അദ്ധ്യക്ഷത വഹിച്ചു.

Feb. 7 വൈദികനേയും അൽമായ പ്രതിനിധികളേയും മർദ്ദിച്ചതിൽ പ്രതിഷേധിച്ച് രാമനാഥപുരത്ത് രൂപതാ അടിസ്ഥാനത്തിൽ നടത്തപ്പെട്ട പ്രതിഷേധറാലിക്ക് നേതൃത്വം നൽകുകയും തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷം വഹിക്കു കയും ചെയ്തു.

Feb. 8 വിഭുതി തിരുന്നാളിൽ, കത്തീഡ്രൽ പള്ളിയിൽ തിരുകർമ്മ ങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു

Feb. 8-13 കൗണ്ടംപാളയം ഇടവകയിലെ കുടുംബങ്ങൾ സന്ദർശിച്ചു

Feb. 11 തിരുപ്പൂരിൽ രാവിലെ 10 മണിക്ക് മദർ തെരേസ പിസ്ഹോ മിന്റെ ആശീർവ്വാദകർമ്മം നിർവഹിച്ചു

Feb. 14 കൗണ്ടം പാളയം ഇടവകയിൽ അജപാലനസന്ദർശനം നടത്തി

Feb. 18 സാന്തോം ക്രിയേഷൻസിന്റെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു

Feb. 20 കറുകുറ്റി ബെത്ലഹേം പള്ളിയിൽ ബ. കുർബാനഅർപ്പിച്ചു,

Feb. 21 ഗാന്ധിപുരത്ത് റിസോഴ്സ് ടീമിന് ക്ലാസെടുത്തു

Feb. 26 മൈനർ സെമിനാരിക്കാരുമായി കൂടിക്കാഴ്ച നടത്തി, വി. കുർബാനയർപ്പിച്ചു ക്ലാസെടുത്തു.

## PROTEST RALLY - 11.02.2016






Attack on a
Priest and
three lay persons

**പ്രതിഷേധമറിയിച്ചു**

തൃശൂർ അതിരൂപതാ PGCLC Centre ൽ വെച്ച് നടന്ന തൃശൂർ-ഇരിങ്ങാലക്കുട-പാലക്കാട്-രാമനാഥപുരം രൂപതകളുടെ സംയുക്തപ്രത്യേക മീറ്റിംഗിൽ മാർ പോളി കണ്ണൂക്കാടൻ പിതാവ് (ഇരിങ്ങാലക്കുട), രാമനാഥപുരം രൂപതയിൽ നടന്ന അനിഷ്ട സംഭവങ്ങളിൽ വൈദികരേയും അല്മായ സഹോദരേയും പീഡിപ്പിച്ചതിനെതിരെ പ്രതിഷേധം അറിയിക്കുകയും പ്രാർത്ഥനാ സഹായം വാഗ്ദാനം ചെയ്യുകയും ചെയ്തു.



# SEMINARY NEWS

ജീവിതത്തിലെ കുന്നുകൾ നികത്തി, വളവുകൾ നേരെയാക്കി, മനസ്സിനെവിശുദ്ധീകരിക്കുവാനായിട്ടുള്ള ജനുവരി മാസത്തിലെ മാസ ധ്യാനത്തിന് ഫാ. ജോൺസൺ എസ്.ഡി.ബിയും ഫെബ്രുവരി മാസ ത്തിലെ മാസധ്യാനത്തിന് ഫാ. ജോസഫ് പൈക്കാടനും നേതൃത്വം നൽകി. ഇരുവർക്കും നന്ദി...

മൈനർ സെമിനാരിയുടെ 5-ാമത് 'Home Day' അഭിവന്ദ്യ പിതാ വിന്റെ കാർമ്മികത്വത്തിൽ നടന്ന വി. ബലിയ്ക്കുശേഷം സ്നേഹകൂട്ടാ യ്മയും സ്നേഹവിരുന്നും ഒരുക്കിയിരുന്നു. തദവസരത്തിൽ വൈദിക വിദ്യാർത്ഥികളുടെ മികവുറ്റ കലാപ്രകടനങ്ങൾ നടത്തപ്പെട്ടു. തുടർന്ന് അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ എക്സിക്യൂട്ടീവ് മീറ്റിങ്ങ് നട ത്തപ്പെട്ടു.

വി. സെബസ്ത്യാനോസിന്റെ ദൈവസ്നേഹചൈതന്യം മന സ്സിൽ ധ്യാനിച്ചു കൊണ്ട് പൊള്ളാച്ചി, എരുത്തിയേൻപതി എന്നീ ഇടവ കകളുടെ തിരുനാൾ ആഘോഷത്തിൽ സെമിനാരി കുടുംബം പങ്കെടു ക്കുകയും കൊഴിഞ്ഞാമ്പാറ ഇടവക തിരുന്നാളിൽ കുടുംബപ്രതിനിധി കൾ പങ്കെടുത്ത് പ്രാർത്ഥിക്കുകയും സ്നേഹബന്ധം പുതുക്കുകയും ചെയ്തു.

ജനുവരി 26-ാം തീയതി റെക്ടറച്ചൻ സെമിനാരിയിൽ ദേശീയപ താക ഉയർത്തി റിപ്ബ്ലിക് ദിനത്തിന്റെ സന്ദേശം നൽകി.

വൈദിക വിദ്യാർത്ഥികളുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കു വേണ്ടി ആദ്ധ്യാത്മിക പിതാവായി ഫാ. ജോസഫ് വൈക്കാടനും LSMS സന്യാസിനി സമൂഹത്തിൽ നിന്നും സെമിനാരി കുടുംബത്തിലെ ഒരം ഗമായി സി. മേരി ലൂസിയും കടന്നു വന്നു. ഇരുവർക്കും സ്വാഗതം.

LSMS സന്യാസി സമൂഹത്തിന്റെ പുതിയ ഡലഗേറ്റ് സി. ജിജി തെരേസ, സ്ഥാനമൊഴിഞ്ഞ ഡലഗേറ്റ് സി. റോസമരിയ എന്നിവർ സെമിനാരി കുടുംബം സന്ദർശിച്ചു. തദവസരത്തിൽ അകഴിഞ്ഞ നന്ദിയും ആശംസയും റെക്ടറച്ചൻ അർപ്പിച്ചു. തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോർജ് കോമ്പാറ സെമിനാരി സന്ദർശിച്ചു.

മൂന്നാം വർഷ വൈദിക വിദ്യാർത്ഥികൾക്കായി ഉജ്ജയിൻ, തൃശൂർ എന്നീ മേജർ സെമിനാരികളിലേക്കുള്ള പ്രവേശനപരീക്ഷ യഥാക്രമം 04, 13 എന്നീ തീയതികളിൽ നടത്തപ്പെട്ടു.

രണ്ടാം വർഷ വൈദിക വിദ്യാർത്ഥികളുടെ മോഡൽ പരീക്ഷ കൾക്ക് ഫെബ്രുവരി 15-ാം തീയതി തുടക്കമിട്ടു

രൂപതയിൽ നടത്തപ്പെട്ട പ്രതിഷേധ മൗനപ്രാർത്ഥനറാലിയിൽ സെമിനാരി കുടുംബം പങ്കെടുത്തു.

# കുടുംബ കൂട്ടായ്മകൾക്കുള്ള പഠനവിഷയം

**ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്**

ഒന്നാം പ്രമാണത്തിന്റെ ആദ്യ ഭാഗത്തിന്റെ വിശദീകരണമാണ് കഴിഞ്ഞ ഏതാനും മാസങ്ങളായി നാം പഠിക്കാൻ ശ്രമിച്ചത്. “ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്” എന്ന രണ്ടാം ഭാഗമാണ് ഇനി നമ്മൾ പഠിക്കുന്നത്.

പ്രപഞ്ച സൃഷ്ടാവായ ദൈവം ജനത്തിന് സ്വയം വെളിപ്പെടുത്തി കൊടുത്തുകൊണ്ട് ഒന്നാം പ്രമാണത്തിലൂടെ കല്പിക്കുന്നത് മറ്റൊരു ദൈവ സങ്കല്പത്തെ ബഹുമാനിക്കരുതെന്നാണ്. ദൈവത്തിന്റെ യഥാർത്ഥമായ വെളിപ്പെടുത്തലുകൾക്ക് അനുസൃതമായി മാത്രമേ മനുഷ്യൻ ആരാധനനടത്താൻ പാടുള്ളു. നമ്മുടെ ദൈവവും കർത്താവുമായി സർവ്വശക്തൻ നമുക്ക് സ്വയം വെളിപ്പെടുത്തി. അതുകൊണ്ട് അവിടുത്തേക്ക് ഉപരിയായി ഒന്നും പ്രതിഷ്ഠിക്കരുത്, മറ്റൊന്നും കൂടുതൽ പ്രാധാന്യമർഹിക്കുന്നതായി കരുതരുത്. ഏതെങ്കിലും ഒരു വസ്തുവിനോ വ്യക്തിക്കോ അവിടുത്തേക്കാൾ മുൻഗണനനൽകുകയുമരുത്.

**വിഗ്രഹാരാധന**

ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുതെന്ന ഒന്നാം പ്രമാണത്തിന് എതിരായ ഗൗരവതരമായ പാപമാണ് വിഗ്രഹാരാധന. പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും കൂടി ദൈവമായ കർത്താവിനെആരാധിക്കേണ്ടതിനു പകരം ഹൃദയത്തിൽ ദൈവത്തിനു കൊടുക്കേണ്ട സ്ഥാനം അന്യദൈവങ്ങൾക്കോ, വ്യക്തികൾക്കോ വസ്തുക്കൾക്കോ, മററ് എന്തിനെങ്കിലുമോ നൽകുന്നത് വിഗ്രഹാരാധനയാണ്.

ദൈവത്തിന്റെ ശക്തിയിലും പരിപാലനയിലും അനുഗ്രഹങ്ങളിലും വിശ്വസിക്കുന്നതിനു പകരം മന്ത്രവാദം, കൂടോത്രം, ക്ഷുദ്രവിദ്യ എന്നിവയിൽ ആശ്രയിക്കുന്നതും രാഹുകാലം, കൈനോട്ടം, മുഹൂർത്തം, നക്ഷത്രഫലം, പക്ഷിശാസ്ത്രം, കവടി നിരത്തൽ, മുഖലക്ഷണം, ശകുനം, ഗ്രഹനില ഈ വിധമുള്ള അന്ധവിശ്വാസങ്ങളിലും ദുരാചാരങ്ങളിലും വിശ്വസിക്കുന്നതും അതനുസരിച്ച് പ്രവർത്തിക്കുന്നതുമൊക്കെ ഒന്നാം പ്രമാണത്തിന് എതിരായ പാപങ്ങളാണ്.

**കത്തോലിക്കർ വിഗ്രഹാരാധകരോ?**

“എനിക്കായി ഒരു വിഗ്രഹവും ഉണ്ടാക്കരുത്, (നിയമാ. 5) “മുകളിൽ ആകാശത്തിലോ താഴെ ഭൂമിയിലോ ഭൂമിക്കടിയിലോ ജലത്തിലോ ഉള്ള ഒന്നിന്റെയും പ്രതിമയോ സ്വരൂപമോ നീ നിർമ്മിക്കരുത്,

അവയ്ക്കു മുമ്പിൽ പ്രണമിക്കുകയോ അവയെ ആരാധിക്കുകയോ ചെയ്യരുത്" (പുറ. 20:3–5)

ഈ വിധമുള്ള ദൈവവചനത്തിന് കടക വിരുദ്ധമായ രീതിയിലാണ് കത്തോലിക്കാ ദൈവാലയങ്ങളും ഭവനങ്ങളും എന്ന ഒരു തെറ്റിദ്ധാരണ ഇന്നു പലർക്കുമുണ്ട്. സത്യത്തിൽ ദൈവ വചനം ശരിയായി മനസ്സിലാക്കാത്തതുകൊണ്ടാണിത്.

പ്രതിമയോ സ്വരൂപമോ ഉണ്ടാക്കരുത് എന്ന് കല്പിച്ച അതേ ദൈവം തന്നെ അവ ഉണ്ടാക്കാനും കല്പിക്കുന്നുണ്ട്. "ശുദ്ധി ചെയ്ത സ്വർണ്ണം കൊണ്ട് കൃപാസനം നിർമ്മിക്കണം...' കൃപാസനത്തിന്റെ രണ്ടറ്റത്തുമായി അടിച്ചു പരത്തിയ സ്വർണ്ണം കൊണ്ട് രണ്ട് കൊരുബുകളെ നിർമ്മിക്കണം... കൊരുബുകളുടെ നടുവിൽ നിന്ന് നിന്നോട് ഞാൻ സംസാരിക്കും" (പുറ. 25,17–22) "കർത്താവ് മോശയോട് അരുളിച്ചെയ്തു; ഒരു പിച്ചള സമർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തി നിർത്തുക; സർപ്പദംശനമേൽക്കുന്നവർ അതിനെനോക്കിയാൽ മരിക്കുകയില്ല" (സംഖ്യ 21:8). ജറുസലേം ദേവാലയം നിറയെ രൂപങ്ങളും വിവിധങ്ങളായ കൊത്തുപണികളുമുണ്ടായിരുന്നതായി നമ്മൾ പഴയനിയമത്തിൽ വായിക്കുന്നുണ്ട്.

ഒന്നിന്റെയും രൂപം ഉണ്ടാക്കരുത് എന്നു കല്പിച്ച ദൈവം തന്നെ രൂപങ്ങൾ ഉണ്ടാക്കാൻ കല്പിച്ചെങ്കിൽ, രൂപങ്ങൾ ഉണ്ടാക്കുന്നതോ വയ്ക്കുന്നതോ അല്ല, ഉണ്ടാക്കിയതിനെദൈവമായി ആരാധിക്കുന്നതിനെയാണ് വിലക്കുന്നതെന്ന് മനസ്സിലാക്കണം. അതാണ് വിഗ്രഹാരാധന. വിഗ്രഹാരാധനദൈവനിന്ദയും അന്ധവിശ്വാസവുമാണ്. ദൈവത്തിന് മാത്രം നൽകേണ്ട മഹത്വവും ആരാധനയും വിഗ്രഹങ്ങൾക്കു നൽകിയാൽ അത് തെറ്റാണ്. ഒരു രൂപത്തിനും ദൈവത്തിന് പകരം നിൽക്കാനാവില്ല. എന്നാൽ രൂപങ്ങൾക്കും ചിത്രങ്ങൾക്കുമെല്ലാം ചില യാഥാർത്ഥ്യങ്ങളെ ഓർമ്മിപ്പിക്കാനാവും. അതിനാൽ എന്ത് ഉദ്ദേശത്തോടെ രൂപങ്ങൾ ഉണ്ടാക്കപ്പെട്ടു എന്ന കാര്യം പ്രധാനപ്പെട്ടതാണ്.

വിശുദ്ധരെ ഓർക്കുന്നതിന്, വിശ്വാസ സത്യങ്ങളോ, ദൈവകല്പനകളോ അനുസ്മരിക്കുന്നതിന് രൂപങ്ങൾ സഹായിക്കുമെങ്കിൽ അത് നല്ലതാണ്. രൂപങ്ങളും ചിത്രങ്ങളും എന്ത് സൂചിപ്പിക്കുന്നുവോ ആ സത്യങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കാൻ സഹായിക്കുന്നു. ഒരുവൻ എന്തിന്റെ മുമ്പിൽ നിൽക്കുന്നുവോ ആ രൂപമാണ് അല്ലെങ്കിൽ ചിത്രമാണ് ദൈവം എന്ന് വിശ്വസിച്ച് അതിനെ ആരാധിച്ചാൽ അത് ശരിയല്ല. എന്നാൽ വിശുദ്ധ ചിത്രങ്ങൾ ഉണർത്തുന്ന ദൈവസ്മരണയുണ്ടാക്കുന്ന അടയാളമെന്ന രീതിയിലാണ് അതിനെമനസ്സിലാക്കുന്നതെങ്കിൽ അത് സ്വീകാര്യമാണ്.

മരിച്ചു പോയ മാതാപിതാക്കളുടെ ചിത്രങ്ങൾ നമ്മൾ കാണുമ്പോൾ, മാലയിട്ടു വയ്ക്കുമ്പോൾ ചിത്രത്തെയല്ല ആ ചിത്രം നമ്മെ ഓർമ്മപ്പെടുത്തുന്ന വ്യക്തികളെയാണ് നമ്മൾ ബഹുമാനിക്കുന്നത്.

ദൈവം തന്നെ യേശു ക്രിസ്തുവിൽ ഒരു മാനുഷിക മുഖം സ്വീകരിച്ചു കൊണ്ട്, യേശുവിന്റെ ആഗമനശേഷം അവിടുന്ന് എങ്ങനെയായിരിക്കണമെന്ന് നമുക്ക് ചിത്രീകരിക്കാനാവും. ദൈവം തന്റെ മനുഷ്യാവതാരം മൂലം തികച്ചും സങ്കല്പാതീതനായിരിക്കുന്നില്ല.

വിഗ്രഹാരാധനയെന്നാൽ പുറമേ കാണുന്ന രൂപങ്ങളെക്കാൾ മനസ്സിൽ ദൈവത്തിനു പകരമായും ദൈവത്തക്കാൾ പ്രധാനപ്പെട്ടതായും വച്ചു പൂജിക്കുന്ന പലതുമാണെന്ന് മറക്കാതിരിക്കാം.

**ഫാ. ജോൺസൺ അന്തിക്കാടൻ, ഡയറക്ടർ**



## SYRO-MALABAR MATHRUVEDI

കരുണയുടെ വർഷത്തിൽ ഇടവകയിലെ മാതൃവേദി പുതിയ ഒരു പദ്ധതിക്ക് തുടക്കം കുറിക്കുന്നു

ഇടവകയിലെ ഏറ്റവും അർഹതപ്പെട്ട ഒരു വിധവയെ തിരഞ്ഞെടുത്ത് (വലിയ യൂണിറ്റുകൾ ഒന്നിലധികം വിധവകൾ) അവരെ ഈ വർഷത്തിൽ എല്ലാ മാസവും നിശ്ചിത തുകയൊ സാധനങ്ങളോ നൽകി സഹായിക്കുന്ന പദ്ധതിയാണ് 'Save a Widow'. ഈ പദ്ധതി നടപ്പിലാക്കുന്ന ഇടവക മാതൃവേദി യൂണിറ്റുകൾക്ക് ചെറിയ പ്രോത്സാഹനസമ്മാനങ്ങൾ രൂപത മാതൃവേദി നൽകുന്നതാണ്.

**സംസ്ഥാനമാതൃവേദി പ്രതിഷേധമറിയിച്ചു**

നമ്മുടെ രൂപതയിൽ വൈദികനെയും ആത്മായ സഹോദരങ്ങളെയും അകാരണമായി പീഡിപ്പിച്ചതിനെതിരെ സംസ്ഥാനമാതൃവേദി അംഗങ്ങളും ഡയറക്ടറും പ്രതിഷേധമറിയിച്ചു. (ദീപിക 15-2-2016). കുറ്റവാളികളെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കണമെന്ന് സംസ്ഥാനമാതൃവേദി ആവശ്യപ്പെട്ടു.

**യാത്രാമൊഴി**

നമ്മുടെ രൂപത മാതൃവേദിയുടെ അസി.ഡയറക്ടർ ആയിരുന്ന റവ. ഫാ. വിപിൻ കൊള്ളന്നൂർ SDV തൃശൂർ രൂപതയിലെ അരിമ്പൂർ ഇടവകയിലേക്കു സ്ഥലം മാറി പോയി. അച്ചൻ നമ്മുടെ മാതൃവേദിക്ക് നൽകിയ പ്രോത്സാഹനങ്ങൾക്കും സേവനങ്ങൾക്കും രൂപത മാതൃവേദി ഭാരവാഹികളും റവ. സി. ആനിമേറ്ററും 4-4-2016 രാമനാഥപുരം വൈദിക മന്ദിരത്തിൽ വച്ച് യാത്രയയപ്പ് നൽകുകയും, സമ്മാനങ്ങൾ കൈമാറുകയും ചെയ്തു. അച്ചൻ ചെയ്തു തന്ന സേവനങ്ങൾക്ക് നന്ദി രേഖപ്പെടുത്തി. അച്ചനും തന്റെ മറുപടി സന്ദേശത്തിൽ രൂപത മാതൃവേദിയോട് ഒന്നിച്ചുള്ള പ്രവർത്തനം പുതിയ അനുഭവമാണ് എന്ന്

അച്ചൻ പങ്കുവെക്കുകയുണ്ടായി. അച്ചന് പുതിയ സേവനമേഖലകളിൽ എല്ലാ വിജയാശംസകളും നേരുന്നു.

**സംസ്ഥാനമാതൃവേദി മീറ്റിംഗ്**

ജനുവരി 19, 20 തീയതികളിൽ കോതമംഗലത്ത് വച്ച് നടന്ന സംസ്ഥാനമാതൃവേദി മീറ്റിംഗിൽ രൂപതാ മാതൃവേദി ആനിമേറ്ററും രൂപതാ ഭാരവാഹികളും സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും പങ്കെടുത്തു. നമ്മുടെ പ്രവർത്തനങ്ങൾ അവിടെ അവതരിപ്പിക്കുകയും പ്രത്യേക അഭിനന്ദനത്തിന് അർഹരാവുകയും ചെയ്തു. പങ്കെടുത്ത എല്ലാ മാതൃവേദി അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു.

**"നവോമി സംഗമം"**

ഇടവകയിലെ മാതൃവേദി അംഗങ്ങൾക്ക് ഇടവക തലത്തിൽ "നവോമി സംഗമം" നടത്താവുന്നതാണ്. ഇടവകയിലെ വിധവകളായ അമ്മമാരെ ഒരുമിച്ചു കൂട്ടി പ്രാർത്ഥനയിൽ ശാക്തീകരിക്കുകയും മറ്റ് സഹായ പദ്ധതികളുടെ വിഭാവനത്തിന് വേദിയൊരുക്കാവുന്നതാണ്.

**സ്വാഗതം**

മാതൃവേദിയുടെ പുതിയ അസി. ഡയറക്ടർ ആയി നിയമിതനായിരിക്കുന്ന ബ. ലിജോ ആന്റണി കൈപ്പമറ്റത്തിൽ ഫ്രൂ'ഇമ്യാ അച്ചനെരൂപത മാതൃവേദി സ്വാഗതം നേരുന്നു. എല്ലാ വിജയാശംസകളും നേരുന്നു.

## Mother Theresa Peace Home Tirupur

ഈ ഭവനത്തിനായി പ്രയത്നിച്ച എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ. ഈ ഭവനത്തിനായി ഉയർത്തപ്പെട്ട പ്രാർത്ഥനകൾക്കും ലഭിച്ച സഹായങ്ങൾക്കും ഒത്തിരി നന്ദി. സാമ്പത്തികസഹായം മാത്രമല്ല സേവനസഹായവും ഈ ഭവനം പ്രതീക്ഷിക്കുന്നു.

**നമ്മുടെ കുടുംബം**

Peace Home ൽ രണ്ട് അന്തേവാസികളാണ് ഇപ്പോൾ ഉള്ളത്. വൈകാതെ മൂന്ന് പേരെകൂടി നാം സ്വീകരിക്കും. നരേഷും ദുർഗ്ഗയുമാണ് ഇവിടെയുള്ള മക്കൾ. നമുക്ക് മൂന്ന് ബഹു. സിസ്റ്റേഴ്സ് എത്തിയിട്ടുണ്ട്. നിർമ്മല ദാസി സന്യാസസമൂഹത്തിൽ നിന്ന് സി. ഗ്രേയ്സി, സി. അന്നംകുട്ടി, സി. ഷെൻസ്റ്റി. കനിവിന്റെ മാലാഖമാരായ ഈ സിസ്റ്റേഴ്സിനോട് ചേർന്ന് നമുക്കും കരുണയുടെ മുഖമുള്ളവരാകാം.

**തിരുപ്പൂർ ഇടവകയ്ക്ക് അഭിമാനിക്കാം**

Peace home എന്ന ഈ സ്വപ്നം, അതിന്റെ ആദ്യഫലം

പൂർത്തീകരിക്കാൻ കയ്യും മെയ്യും മറന്ന് സഹകരിച്ച തിരുപ്പൂർ ഇടവ കയ്ക്ക് ഒരായിരം അഭിനന്ദനങ്ങൾ. തുടർന്നും ഈ സഹകരണം പ്രതീക്ഷിക്കുന്നു. ദൈവം കരുണയുടെ വർഷത്തിൽ നിങ്ങളെ അനുഗ്രഹിക്കട്ടെ.

**ഫെബ്രു. 11 പീസ് ഹോം വെഞ്ചിരിപ്പ്**

ലോക രോഗിദിനമായ Feb 11 വ്യാഴാഴ്ച നമ്മുടെ സ്വപ്നമായ Peace Home ന്റെ വെഞ്ചിരിപ്പ് കർമ്മം നടന്നു. രാവിലെ 10ന് വികാരി ജനറൽ Msgr. George Narikuzhi നാടമുറിച്ചു കൊണ്ട് പുതിയ ഭവനത്തിലേക്ക് പ്രവേശിച്ചു. തുടർന്ന് വിശുദ്ധ കുർബാനമദ്ധ്യേ വെഞ്ചിരിപ്പ് കർമ്മം അഭിവന്ദ്യ പിതാവ് നിർവഹിച്ചു . വിശുദ്ധ കുർബാനക്ക് അഭിവന്ദ്യ പിതാവും ജനറാളച്ചനും ഡയറക്ടറച്ചനും കാർമ്മീകരായി.

തുടർന്ന് നടന്ന സമ്മേളനത്തിന് അഭിവന്ദ്യ പോൾ ആലപ്പാട്ട് പിതാവ് അധ്യക്ഷത വഹിച്ചു. സി. വിനീത ASMIയുടെ നേതൃത്വത്തിൽ പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. ഫാ. ജിയോ കുന്നത്തുപറമ്പിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ പിതാവ് Peace Home ന്റെ ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് ശ്രീ. എ.കെ. ജോജു പീസ് ഹോമിലേക്കുള്ള ബഹു. സിസ്റ്റേഴ്സിനെ സദസിന് പരിചയപ്പെടുത്തി. ബഹു. ജനറാളമ്മ, സി. റോസിലി പുതിയ അംഗങ്ങളുടെ രജിസ്ട്രേഷൻ നിർവഹിച്ചു. ബഹു. വിൽസൻ മൊയലനച്ചൻ, ശ്രീ. മിൽട്ടൻ ജോൺ, ബഹു. ഷാജി പണ്ടാരപ്പറമ്പിലച്ചൻ, ശ്രീ. മുത്തുസ്വാമി, ശ്രീ. വിവേകാനന്ദൻ, ശ്രീ മാത്യു ജോസഫ് കൊണത്താപ്പിള്ളി തുടങ്ങിയവർ ആശംസകളർപ്പിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് എൻ.ജി. ശ്രീ. ഫ്രാൻസീസ് കള്ളിക്കാടനെപൊന്നാടയണിയിച്ചു. ഡയറക്ടറച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ സമ്മേളനം സമാപിച്ചു. ഉച്ചഭക്ഷണത്തിൽ പങ്കുചേർന്ന് എല്ലാവരും പിരിഞ്ഞു.

**ഫാ. ജെയ്സൺ പുലിക്കോട്ടിൽ**
(ഡയറക്ടർ)

## SANTHOM SOCIAL SERVICE SOCIETY (SSSS)

**Mob: 9786137938 (Office)**
**95009-51984 (Director)**

**1. Skill Test Programme**

കുട്ടികളുടെ കഴിവു കണ്ടെത്തി വളർത്താൻ ശാസ്ത്രീയമായി skill test, brain stroming തുടങ്ങിയ പരിപാടികൾ, സെമിനാറുകൾ നട

ത്തുന്ന പ്രസിദ്ധമായ സ്വാകാര്യസ്ഥാപനത്തിന്റെ സഹകരണത്തോടെ "സൗജന്യമായി" 5 മുതൽ 15 വരെ പ്രായമുള്ള കുട്ടികൾക്കായി tests, counciling എന്നിവ നടത്തുന്നു. മറ്റ് വിവരങ്ങൾക്ക് ഓഫീസ് നമ്പരിൽ ബന്ധപ്പെടുക

**2.** NABARDന്റെ സഹായത്തോടെ JLGs (Joint Liability Groups) അവരുടെ പ്രവർത്തനങ്ങൾക്കായി ഒരുങ്ങുന്നു. ചെറുതൊഴിൽ ചെയ്യാൻ ആഗ്രഹിക്കുന്നവർ, തൊഴിൽ മെച്ചപ്പെടുത്താൻ ആഗ്രഹിക്കുന്നവർ, ഓഫീസ് നമ്പരിൽ ബന്ധപ്പെടുക. മാസം 1% പലിശ എന്ന നിലയിൽ ഒരു വർഷത്തിൽ 12% പലിശ മാത്രമേ ഈടാക്കുന്നുള്ളു. ഇതിനെക്കുറിച്ചു അറിയാൻ, പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്നവർ ഓഫീസ് നമ്പരിൽ ബന്ധപ്പെടുക.

3. BSW/MSW പഠനം പൂർത്തിയാക്കി ജോലിയിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർ താഴെക്കാണുന്ന നമ്പരിൽ മാത്രം ബന്ധപ്പെടുക.

Mob: Fr. Geo (Director) Mob: 95009 51984

4. Medical Camp Book ചെയ്യാൻ ആഗ്രഹിക്കുന്നവർ സോഷ്യൽ സർവ്വീസുമായി ബന്ധപ്പെടുക

i. Cancer awarness camp & free test

ii. Kidney test and results (only for 100 people)

iii. General medical camps

iv. Eye camp

v. Blood Identification & Grouping Camp

65 അവധിക്കാല സെമിനാർ ബുക്കുചെയ്യുവാനാഗ്രഹിക്കുന്ന പള്ളികൾ, വിദ്യാലയങ്ങൾ എന്നിവ ഓഫീസുമായി ബന്ധപ്പെടുക. അറിവും അനുഭവമുള്ള വ്യക്തികൾ ക്യാമ്പ് നയിക്കുന്നു. TA/DA എന്നിവ അതാത് സ്ഥാപനമോ പള്ളിയോ എടുക്കേണ്ടതാണ്. Subject മുൻകൂട്ടി നൽകേണ്ടതാണ്

**ഫാ. ജിയോ കുന്നത്തുപറമ്പിൽ**
ഡയറക്ടർ

## സാന്തോം ക്രിയേഷൻസ്, തിരുപ്പൂർ

നീണ്ട സ്തുത്യർഹമായ ശുശ്രൂഷയ്ക്കു ശേഷം സ്ഥലം മാറി പുതിയ ഇടവകയായ മേട്ടുപാളയത്തേക്കു പോയ എക്സിക്യൂട്ടീവ് ഡയറക്ടർ ബഹു. ഫാ. ജോസഫ് ആലപ്പാട്ടച്ചന് ഒത്തിരി... ഒത്തിരി .... നന്ദി .... സാംന്തോം ഭാരവാഹികൾ അച്ചനെ മേട്ടുപാളയത്തേക്കുള്ള

യാത്രയയിൽ അനുഗമിക്കുകയും കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു.

പുതിയ ഡറയറക്ടറായി സ്ഥാനം ഏറ്റ ഫാ. ജാജു എളംകുന്നപ്പുഴയ്ക്ക് ഹൃദ്യമായ സ്വാഗതം. സാന്തോം ക്രിയേഷൻസിന്റെ പുതിയ പ്രവർത്തനങ്ങൾക്ക്ച ുക്കാൻപ ിടിക്കാൻേ ലാക്കൽക മ്മിറ്റിയുടെ മീറ്റിംഗ്, 12-02-2016, 17-02-2016 എന്നീ തീയതികളിൽ കൂടുകയുണ്ടായി. പങ്കെടുത്ത എല്ലാ ലോക്കൽ കമ്മിറ്റി അംഗങ്ങൾക്കും നന്ദി...

പുതിയ ഡയറക്ടർ ചാർജ്ജെടുത്ത ശേഷമുള്ള പ്രഥമ ജനറൽ ബോഡിയോഗം 18-02-2016 ഉച്ചതിരിഞ്ഞ് അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ കൂടുകയുണ്ടായി. പുത്തൻ തീരുമാനങ്ങളും ചർച്ചകളും നിറഞ്ഞ ജനറൽ ബോഡി മീറ്റിംഗ് സജീവമായിരുന്നു. പുതിയ ഓർഡറുകളെക്കുറിച്ചും തീരുമാനങ്ങളെക്കുറിച്ചും ജി.എം. ബിജു സംസാരിക്കുകയുണ്ടായി. എല്ലാ ജനറൽബോഡി അംഗങ്ങൾക്കും നന്ദി....

**ഫാ. ജാജു എളംകുന്നപ്പുഴ**
(ഡയറക്ടർ)

## FAMILY APOSTOLATE

**കുടുംബ കൂട്ടായ്മ ഭാരവാഹികൾക്ക് സെമിനാർ**

ഓശാനഞായറാഴ്ച 20-3-2016 ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ ഇടവകയിലെ കുടുംബ കൂട്ടായ്മ ഭാരവാഹികൾക്കായി സെമിനാർ സംഘടിപ്പിക്കുന്നു. ഭാരവാഹികളെന്ന നിലയിൽ തങ്ങൾ ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വം എങ്ങനെഫലപ്രദമായും കാര്യക്ഷമമായും നിർവഹിക്കാം എന്നതാണ് സെമിനാറിലെ മുഖ്യ ചർച്ചാവിഷയം.

തൃശൂർ അതിരൂപതയിൽ നിന്നുള്ള ബഹു. രാജു അക്കരയച്ചനാണ് ക്ലാസ് നയിക്കുന്നത്. ഓരോ ഇടവകയിലേയും കുടുംബകൂട്ടായ്മകളുടെ മുഴുവൻ ഭാരവാഹികളും ഈ സെമിനാറിൽ സംബന്ധിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

തീയതി - (20/3/2016 ഞായർ)  സമയം - 2 pm - 5 pm
സ്ഥലം: ഉക്കടം പള്ളി ഹാൾ

**ഫാ. ജോൺസൺ അന്തിക്കാടൻ, ഡയറക്ടർ**

## CML NEWS

പ്രിയമുള്ള മക്കളെ, നോമ്പുകാലത്തിലൂടെ കടന്നു പോകുന്ന ഈ ദിവസങ്ങളിൽ നമ്മുടെ ഹൃദയങ്ങളെയും ശരീരത്തെയും വിശുദ്ധമാക്കി ഈശോയ്ക്ക് സമർപ്പിക്കാം. യേശുവിന്റെ പീഡാനുഭവങ്ങളെ ധ്യാനിച്ചു കൊണ്ട് ഈ നോമ്പുകാലത്തിൽ നമുക്ക് കുമ്പസാരിച്ചും ധ്യാനത്തിൽ പങ്കെടുത്തും നമ്മളെ തന്നെ നവീകരിക്കാം.

**ഉയർപ്പിന്റെ ആശംസകൾ**

പ്രിയ കുഞ്ഞുമക്കളെ, ഏവർക്കും **ഉയർപ്പിന്റെ ആശംസകൾ** മുൻകൂട്ടി നേർന്നു കൊള്ളുന്നു. ക്രിസ്തുവിന്റെ കൃപയും അനുഗ്രഹവും സമൃദ്ധമായി പ്രാപിക്കാൻ ഈ തിരുനാൾ കാരണമാകട്ടെ.

**പരീക്ഷാക്കാലം**

വേനലവധിയുടെ പരീക്ഷയ്ക്കായിട്ട് നമ്മൾ ഒരുങ്ങുകയാണല്ലോ. കുഞ്ഞുമക്കളെല്ലാവരും നന്നായി പരീക്ഷയ്ക്ക് ഒരുങ്ങണമെന്ന് സ്നേഹപൂർവ്വം ഓർപ്പിക്കുന്നു.

**യാത്രാ മംഗളങ്ങൾ**

കഴിഞ്ഞ ഒരു വർഷക്കാലം സി.എം.എൽ ന്റെ അസിസ്റ്റന്റ് ഡയറക്ടറായി സേവനം ചെയ്ത ബഹുമാനപ്പെട്ട അലക്സാണ്ടർ ചുണ്ടാട്ട് അച്ചന് യാത്രാമംഗളങ്ങൾ നേരുന്നു. അച്ചൻ ചെയ്ത സേവനങ്ങളെയും അച്ചൻ ഏറ്റെടുത്ത പുതിയ ദൗത്യങ്ങളെയും നമുക്ക് സ്നേഹത്തോടെ, നന്ദി നിറഞ്ഞ മനസ്സോടെ ഓർക്കാം പ്രാർത്ഥിക്കാം

**സ്വാഗതം**

സി.എം.എൽ-ന്റെ പുതിയ അസിസ്റ്റന്റ് ഡയറക്ടറായി കടന്നു വന്നിരിക്കുന്ന ആന്റണി (ഡിബിൻ) ആലുവാശ്ശേരി അച്ചനെഒത്തിരി സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. ഒരു വർഷക്കാലത്തെ അച്ചന്റെ പ്രവർത്തനങ്ങൾ ദൈവാനുഗ്രഹം നിറഞ്ഞതാകട്ടെ എന്ന് ആശംസിക്കുന്നു.

**Antony Aluvassery VC**
Asst. Director

**Bijo Palayil**
Director

## CYM NEWS

**ഹൃദയം നിറഞ്ഞ നന്ദി:**

കഴിഞ്ഞ രണ്ട് വർഷക്കാലം സി.വൈ.എം. ഡയറക്ടർ ആയി സ്തുത്യർഹമായി സേവനം ചെയ്ത ബഹുമാനപ്പെട്ട ജെയ്സൻ പുലിക്കോട്ടിലച്ചനും Asst. Director ആയി സേവനം ചെയ്ത സിന്റോ വൈദ്യക്കാരനച്ചനും ഒത്തിരി സ്നേഹത്തോടെ നന്ദി പറയുന്നു. ഇനി

യുള്ള ഇരുവരുടെയും പ്രവർത്തനങ്ങൾ ദൈവാനുഗ്രഹം നിറഞ്ഞതാകാൻ നമുക്ക് പ്രാർത്ഥിക്കാം.

**സ്വാഗതം**

CYM പുതിയ Assistant Director ആയി ചുമതല ഏറ്റെടുത്തിരിക്കുന്ന ബഹു. ജെയിംസ് കാവലത്ത് അച്ചനെCYM ന്റെ നാമത്തിൽ ഒത്തിരി സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. അച്ചന്റെ പ്രവർത്തനങ്ങൾ മുഴുവൻ അനുഗ്രഹം നിറഞ്ഞതാകാൻ നമുക്ക് പ്രാർത്ഥിക്കാം.

**CYM Retreat**

ഫെബ്രുവരി 21-ാം തീയതി ഞായറാഴ്ച CYMന്റെ follow up retreat നടത്തുകയുണ്ടായി. യുവജനങ്ങളെ ധ്യാനത്തിനായി ഒരുക്കി വിട്ട യൂണിറ്റ് ഭാരവാഹികൾക്കും നേതൃത്വം നല്കിയ യൂണിറ്റിലെ വികാരി അച്ചൻമാർക്കും ഒത്തിരി സ്നേഹത്തോടെ നന്ദി പറയുന്നു. ഇതിനായി പരിശ്രമിച്ച CYM ഭാരവാഹികൾക്ക് എല്ലാ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**ഈസ്റ്റർ ആശംസകൾ**

എല്ലാ CYM അംഗങ്ങൾക്കും ഒത്തിരി സ്നേഹത്തോടെ ഉയിർപ്പു തിരുനാളിന്റെ ആശംസകൾ നേർന്നു കൊള്ളുന്നു. യേശുവിന്റെ ഉത്ഥാനഅനുഭവം ജീവിതത്തിൽ പകർത്തുവാനും പ്രത്യാശയോടെ ജീവിക്കാനും ഈ തിരുനാൾ കാരണമാകട്ടെ.

**James Kavalath**
Asst. Director

**Bijo Palayil**
Director



## CATECHETICAL NEWS

**റിസോഴ്സ് ടീം സെമിനാർ**

കഴിഞ്ഞ മാസത്തെ റിസോഴ്സ് ടീം സെമിനാർ ഫെബ്രുവരി 21 -ാം തീയതി ഗാന്ധിപുരത്തുവച്ച് അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. മാർച്ച് മാസത്തെ റീസോഴ്സ് ടീം സെമിനാർ മാർച്ച് 13-ാം തീയതി 3.00 pm മുതൽ 5.00 pm വരെ ഗാന്ധിപുരം ഫൊറോനപള്ളി പാരിഷ് ഹാളിൽ വച്ച് മാർ പോൾ ആലപ്പാട്ട് പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നതാണ്. ടീം അംഗങ്ങളും എല്ലാവരും ഇതിൽ പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**സ്ക്കൊളാസ്റ്റിക് ടെസ്റ്റ്**

ഈ വർഷത്തെ കാറ്റികിസം ടീച്ചേഴ്സിന്റെ സ്ക്കൊളാസ്റ്റിക് ടെസ്റ്റ് മാർച്ച് 13-ാം തീയതി ഞായറാഴ്ച 10.00 am മുതൽ 12.30 pm വരെ അതാത് യൂണിറ്റുകളിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും എല്ലാ

കാറ്റികിസം ടീച്ചേഴ്സും ഇതിൽ നിർബന്ധമായും സംബന്ധിക്കണ മെന്ന് ഓർമ്മിപ്പിക്കുന്നു. പഠനസഹായി എല്ലാവർക്കും ലഭിച്ചു കാണുമ ല്ലോ.

Revised portion

| | | | |
|---|---|---|---|
| 1 | DVD Margam | = | 10 marks |
| 2 | An introduction to the Bible (New Treatment) Book supplied) | = | 65 Marks |
| 3 | Quiz on year of the Consecrated Life catechism diary Pg. 4, 5, 6 | = | 25 marks |
| | Total 100 marks | | |

II Semester Exam X, + II HDC

II Semester Exam ന്റെ മാർക്ക് ലിസ്റ്റ് എല്ലാ പള്ളികളിലേക്കും അയച്ചിരുന്നു. കിട്ടി കാണുമെന്ന് കരുതുന്നു.

**ഫാ. ജോബി തെക്കിനേടത്ത്**
ഡയറക്ടർ

**ഫാ. ജിനോജ് പാലത്തടത്തിൽ**
അസി. ഡയറക്ടർ



## CHARISMATIC NEWS

**നവീകരണ മുന്നേറ്റം**

രൂപത കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ മാർച്ച് മാസത്തിൽ ഏകദിനധ്യാനം ഗാന്ധിപുരം ലൂർദ്ദ് ഫൊറോനദൈവാല യത്തിൽ പതിവുപോലെ ഉണ്ടായിരിക്കുന്നതാണ്. മാർച്ച് 7-ാം തീയതി, മാസാദ്യ ശനിയാഴ്ച രാവിലെ 9 മണിക്ക് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3.30ന് ധ്യാനം അവസാനിക്കുന്നു. ഈ ദിവസത്തെ ധ്യാനശുശ്രൂഷയിൽ പ്രത്യേകം ക്ഷണിക്കപ്പെട്ട ശുശ്രൂഷയ്ക്കായി വരുന്നത് ബ്രദർ നന്ദു ജോൺ തൃശൂരാണ്. ഏകദിന ധ്യാനത്തിൽ പങ്കുചേരാനും, സാധിക്കു ന്നിടത്തോളം ദൈവമക്കളെ കൂട്ടി കൊണ്ടുവരുവാനും എല്ലാവരും പരി ശ്രമിക്കുമല്ലോ.

മാർച്ച് മാസം ജാഗരണ പ്രാർത്ഥന13-ാം തീയതി വെള്ളി യാഴ്ച രാത്രി 9 മണിക്ക് ആരംഭിച്ച് 14 തീയതി ശനി പുലർച്ചെ 2 മണിക്ക് അവസാനിക്കുന്നു. അന്നത്തെ പ്രത്യേക ശുശ്രൂഷകനായി വരുന്നത് ഡോ. സാജൻ ചെറുപുഴയായിരിക്കും. രാത്രിയുടെ യാമങ്ങ ളിൽ കർത്താവിനോടൊപ്പം പ്രാർത്ഥനയിൽ വ്യാപരിച്ച് ദൈവകൃ പയ്ക്ക് അർഹരാകാം.

വലിയ നോമ്പിൽ ഒരുക്കുന്ന ഈ ശുശ്രൂഷകളിൽ പങ്കുചേർന്ന് ജീവിത വിശുദ്ധിയിൽ വളരാനും വിശ്വാസത്തിൽ ആഴപ്പെടാനും നമുക്കു പരിശ്രമിക്കാം.

**ഫാ. ജോസഫ് പുത്തൂർ,** ഡയറക്ടർ

## ALTAR BOYS ASSOCIATION

ഈശോയിൽ ഏറ്റവും സ്നേഹിക്കുന്ന കുഞ്ഞനുജന്മാരെ,

സുഖംതന്നെയല്ലെ..., അറിയാം, മാർച്ച് പരീക്ഷകളുടെ മാസമാണ്. ഒപ്പം ക്രൂശിതനായ ഈശോ നമ്മുടെ കൂട്ടുവരുന്ന നോമ്പിന്റെ ദിനങ്ങളും, കടുത്തവേനലും, നിറഞ്ഞ ഊഷരതകളും, തപിക്കുന്ന മണലാരണ്യങ്ങളും ഹൃദയത്തെ മാത്രമല്ല അന്തരീക്ഷത്തെയും ഒരുപോലെ ചൂടുപിടിപ്പിക്കുന്നു്. പരീക്ഷപേടിയും - പരീക്ഷ പനിയും നമുക്ക് ചിരപരിചിതമാണ്, ഒപ്പം നോമ്പും നോമ്പിന്റെ ദിനങ്ങളും നമുക്ക് അന്യമാകാതിരിക്കട്ടെ.

സ്നേഹമുള്ളവരെ, ഈ നോമ്പിന്റെ ദിനങ്ങളിൽ നമ്മുടെ പഠനങ്ങളും പരിശ്രമങ്ങളും അദ്ധ്വാനങ്ങളുമെല്ലാം സഹനത്തിന്റെ നടപ്പാതയിലൂടെ കടന്നുപോകുന്ന ഈശോയോടുചേർന്ന് കാൽവരിയിലെ കുരിശടിയിലേയ്ക്ക് ചേർത്തുവച്ച് പ്രാർത്ഥിക്കാം. ഈ നോമ്പിന്റെ ദിനങ്ങളിൽ വീും ഓശാന- ജയ് വിളികളുടെ ആരവം മുഴക്കും, പെസഹാ കടന്നുപോകലിന്റെ വിസ്മയക്കാഴ്ചകൾ പങ്കുവയ്ക്കും, അവസാനം ഒരു ദുഃഖവെള്ളിയിൽ ഈശോ വീും കുരിശിലേറും. എന്നിട്ടും നോമ്പും ഉപവാസവുമെല്ലാം കൂട്ടുപിടിക്കുന്നവർക്കാകണം ഉയർപ്പിന്റെ പ്രതീക്ഷകൾ നഷ്ടമാകാതിരിക്കുന്നത്. ഉത്ഥാനത്തിന്റെ പ്രതീക്ഷകൾ നമുക്ക് പങ്കുവച്ചുതരുന്ന ഈശോ നമ്മുടെ പ്രതീക്ഷകളും പ്രാർത്ഥനകളും പാഴായിപ്പോകാൻ അനുവദിക്കില്ല എന്നുള്ളത് തീർച്ചയാണ്. ഉത്ഥിതനായ ഈശോ നിങ്ങളുടെ പഠനങ്ങളും പരിശ്രമങ്ങളും പ്രാർത്ഥനകളുമെല്ലാം ഫലമണിയിക്കട്ടെ.

ആഗതമാകുന്ന ഉയർപ്പുതിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും പ്രാർത്ഥനയോടെ നേരുന്നു.

## SMRC NEWS

ഫെബ്രുവരി 2, 3, 4 തീയ്യതികളിൽ സെന്റ് ജോർജ്ജ് കോൺവെന്റിന്റെയും അൽവേർണിയ മെട്രിക്കുലേഷൻ ഹയർസെക്രട്ടറി സ്ക്കൂളിന്റെയും ഗോൾഡൻ ജൂബിലി സാഘോഷം കൊണ്ടാടുകയുണ്ടായി.സേലം രൂപതാ മെത്രാൻ മാർ സിങ്കരായർ ,പാലക്കാട് രൂപതാ ജനറൽ റവ. ഫാദർ ജോസഫ് ചറ്റിലപ്പിള്ളി, രാമനാഥപുരം രൂപതാ ബിഷപ്പ് മാർ പോൾ ആലപ്പാട്ട് എന്നിവരുടെ മുഖ്യകാർമ്മികത്വത്തിൽ ഉപകാരികൾക്കും മറ്റെല്ലാവർക്കും വേണ്ടി ദിവ്യബലി അർപ്പിച്ചു. മൂന്നു ദിവസങ്ങളിലായി നടത്തിയ മീറ്റിംങ്ങിലും കലാപരിപാടികളിലും വിശിഷ്ടാതിഥികളും ഇടവക ജനങ്ങളും കുട്ടികളുടെ മാതാപിതാക്കളും പങ്കെടുത്തു. നല്ല തമ്പുരാന്റെ അനുഗ്രഹാശിസ്സുകളാൽ പരിപാടികളെല്ലാം വളരെ ആകർഷകമായിരുന്നു. ഗോൾഡൻ ജൂബിലി

സ്മാരകമായി 6 വീടുകൾ പണികഴിപ്പിച്ചു അർഹരായ പാവപ്പെട്ട വർക്ക് നല്കുകയുണ്ടായി.

ഫെബ്രു. 5-ാം തീയതി ശനിയാഴ്ച CMC സഭ സ്ഥാപിതമായ തിന്റെ ശതോത്തര ജൂബിലി (150 വർഷം) കൂനമ്മാവ് St. Joseph Hr. Sec. School അങ്കണത്തിൽ വെച്ച് സാഘോഷം കൊണ്ടാടി. മാർ ജോർജ് ആലഞ്ചേരി പിതാവ് പ്രധാനകാർമ്മികനും, മാർ ആഡ്രൂസ് താഴത്ത് പിതാവും (തൃശൂർ) മാർ ജോസഫ് പെരുന്തോട്ടം പിതാവും (ചങ്ങനാശ്ശേരി) സഹകാർമ്മികരുമായി ബലിയർപ്പണം നടന്നു. നിര വധി വൈദികരുടെയും ആയിരക്കണക്കിന് CMC മക്കളുടെയും ദൈവ ജനത്തിന്റെയും മാതാപിതാക്കളുടെയും സാന്നിധ്യത്തിൽ 150 ജൂണി യർ സിസ്റ്റേഴ്സ് നിത്യവൃതാർപ്പണം നടത്തി. സി. എമിൽ മരിയയും (ആവില) അതിൽ ഉണ്ടായിരുന്നു. നിറഞ്ഞ ദൈവാനുഭവത്തിന്റെ നിമി ഷങ്ങളായിരുന്നു. ദിവ്യബലിയ്ക്കു ശേഷം സ്നേഹവിരുന്നും വിവിധ പ്രൊവിൻസുകളിൽ നിന്നുള്ള കലാവിരുന്നും മറ്റുപരിപാടികളും ഉണ്ടായിരുന്നു. CMC സഭാസഹസ്ഥാപകനായ ലെയോ പോൾദ് ബൊക്കാറോ OCDയുടെ സഭാ പ്രതിനിധിയായി ജെനോവായിൽ നിന്നു വന്ന വൈദികനും മീറ്റിംഗിൽ സന്നിഹിതനായിരുന്നു. ദൈവമെ നിനക്കു നന്ദി.

ഫെബ്രുവരി 6-ാം തീയതി ബ. ജോസ് കന്നുംകുഴി അച്ച നെയും ക്രൈസ്തവ സഹോദരങ്ങളെയും ആക്രമിച്ചതിന് എതിരായി നടന്ന പ്രതിഷേധറാലിയിൽ SMRC അംഗങ്ങൾ സജീവമായി പങ്കെടുത്തു. Feb 13: CMC യുടെ ശതോത്തര ജൂബിലി ജനറൽ തല ത്തിലും പ്രോവിൻസ് തലത്തിലും ആഘോഷങ്ങൾ നടത്തപ്പെട്ടുവെ ങ്കിലും അതാതു ഭവനങ്ങളിലും ചെറിയ തോതിൽ ആഘോഷമുണ്ടാ യിരുന്നു. ആവിലായിൽ വി. ബലിയ്ക്കായി വന്നിരുന്ന എല്ലാവരും പ്രദ ക്ഷിണമായി വന്ന് സമർപ്പണത്തിന്റെ അടയാളമായി ഓരോ പൂവ് സമർപ്പിച്ചു. ആമുഖപ്രാർത്ഥനയ്ക്കു ശേഷം വി. ബലിയും അത് കഴിഞ്ഞ് വി. ചാവറ പിതാവിന്റെയും വി. എവുപ്രാസ്യാമ്മയുടെയും പുസ്തകങ്ങളും കേക്കും നല്കി. സ്ഥാപനത്തിൽ എൽ.കെ.ജി മുതൽ XIIth വരെയുള്ള കുട്ടികളുടെ parentsനായി നടത്തിയ മീറ്റിംഗിൽ ജൂബിലിയെക്കുറിച്ചും CMC സഭയുടെ പ്രവർത്തന മണ്ഡലങ്ങളെക്കു റിച്ചും സി. ശാലിനി സംസാരിച്ചു. Feb 13-ാം തീയതി Blood Donation day ആയി ആചരിച്ചു. ബ. സിസ്സ്റ്റേഴ്സ് Blood Donate ചെയ്തു. അന്നേ ദിവസം തന്നെ Hr. Studyയ്ക്കായി ഒരു പാവപ്പെട്ട കുട്ടിക്ക് 10,000/- രൂപ നല്കി സഹായിച്ചു.

Feb 20 -ാം തീയതി ആവില award day കൊണ്ടാടുന്നു

**Holy Family Congregation**

- രാമനാഥപുരം രൂപതയിൽ സേവനം ചെയ്യുന്ന ഹോളിഫാ മിലി കോൺഗ്രഗേഷനിലെ 4 കമ്മ്യൂണിറ്റികളിലെ എല്ലാ സിസ്റ്റേഴ്സും ബഹു. മാർ പോൾ ആലപ്പാട്ട് പിതാവിന്റെ നേതൃത്വത്തിൽ പൊള്ളാച്ചി

ആരോഗ്യമാതാ കോൺവന്റിൽ ഒന്നിച്ചു കൂടി. കൂടുതൽ കാര്യക്ഷമമായും സജീവമായും കാരിസം എങ്ങനെജീവിക്കണമെന്നും, മറ്റുമുള്ള കാര്യങ്ങൾ പിതാവിനടുത്ത വാത്സല്യത്തോടെ അഭിവന്ദ്യപിതാവ് വ്യക്തമാക്കി തന്നു.

രാമനാഥപുരം രൂപതയിലെ വൈദീകനും, അല്മായരും ആക്രമിക്കപ്പെട്ടതിൽ പ്രതിഷേധം ശക്തമാക്കാൻ രാമനാഥപുരം കത്തീഡ്രൽ പാരിഷ്ഹാളിൽ ചേർന്ന വിവിധ ക്രൈസ്തവസഭാ പ്രതിനിധികളുടെ സംയുക്തയോഗത്തിൽ 4 മഠത്തിലെയും സുപ്പീരിയേഴ്സും പ്രിൻസിപ്പൽമാരും സംബന്ധിച്ചു.

സെക്രട്ടറി

**സി. നിർമ്മല**

School Campsൽ വിപുലമായ രീതിയിൽ Free Medical Camp സംഘടിപ്പിച്ചിരിക്കുന്ന free medicines നല്കുന്നു. Feb 2, 3, 4 തീയതികളിൽ അൽവേർണിയ മെട്രിക്ലേഷ്യൻ Hr. Sec. School ൽ വിപുലമായ രീതിയിൽ Golden Jubilee ആഘോഷിച്ചു. SMRCയുടെ അഭിനന്ദനങ്ങൾ

NMCH Hr. Sec. School Erode ൽ 10th, 12th വിദ്യാർത്ഥികൾക്കായി Career Guidance and Exam tips - Orientation class നടത്തി. പരീക്ഷാ ഒരുക്കമായി പ്രത്യേകം പ്രാർത്ഥനയും വി. കുർബാനയും Fr. Denny Madapathil V.C നടത്തി.

NMCM Hr. Sec. School Erode ൽ 15-ാമത് Annual day യും NMCM Hr. Sec. School Kuniamuther ൽ Award Dayയും Podanur ൽ 2nd Annual day സമുചിതമായി വിവിധ കലാപരിപാടികളോടെ കൊണ്ടാടി. നന്ദി.

**Sr. Soona CMC,** SMRC Secretary

## SNIPPETS

| | |
|---|---|
| Starting of the Coimbatore Mission | 29th April 1955 |
| Formation of Coimbatore Forane | Nov. 1973 |
| Erection of the Eparchy of Palghat | 20th June 1974 |
| Inauguration of the Eparchy of Palghat | 8th Sept 1974 |
| Inauguration of Coimbatore Region and Formation of 3 Foranes | 1st May 2008 |
| Erection of the Eparchy of Ramanathapuram | 18th Jan 2010 |
| Inauguration of the Eparchy of Ramanathapuram & Episcopal Ordination of Msgr. Paul Alappatt | 11th April 2010 |
| Inauguration of the 1st Pastoral Council | 29th April 2010 |
| 1st Eparchial Day & Releasing of the Eparchial Logo & Anthem (Chief Guest : Mar Andrews Thazhath, Metropolitan Archbishop of Trichur) | 04th July 2010 |
| Inauguration & Blessing of Eparchial Catechetical Centre (Gandhipuram) & Animation Centre (Ukkadam) (Temporary) | 12th Oct 2010 |
| Blessing of the Arokiamatha Chapel, Pollachi | 18th Oct 2010 |
| Blessing & Inauguration of “Santhom Creations”, Tirupur | 25th Oct 2010 |

| | |
|---|---|
| Blessing Foundation Stone for the Eparchial Minor Seminary (H. E. Mar Jacob Manathodath) | 06th Jan 2011 |
| Inauguration of the 2nd Pastoral Council | 11th June 2011 |
| Inauguration of 'St Mary's Minor Seminary', at Temporary building at Edayapalayam | 12th June 2011 |
| Releasing of the 1st Diocesan Directory (Mar Bosco Puthur) | 03rd July 2011 |
| Inauguration of the Mission Year | 10th Sept. 2011 |
| Inauguration of the Diocesan Website | 10th Sept. 2011 |
| Consecration of the Karunya Matha Church, Karunya Nagar (Perur) | 08th Dec. 2011 |
| Erection the Parish, Udumalpet | 07th Jan. 2012 |
| Starting of the Dharapuram Mission | 04th March 2012 |
| Blessing of the Presbytery, Karamadai | 06th May 2012 |
| The Pastoral visit of the Major Archbishop Mar George Cardinal Alencherry | 6th-8th July 2012 |
| Blessing of the foundation stones for Bishop's House & Pastoral Centre by the Major Archbishop | 8th July 2012 |
| Erection of the Parish, Sulur Aero | 15th July 2012 |
| Inauguration of the Eparchial Santhom Social Service Society | 18th Aug. 2012 |
| Laying Foundation Stone for the Minor Seminary at Kozhinjampara | 18th Jan 2013 |
| Consecration of the Good Shepherd Church, Karamadai | 20th Jan 2013 |
| Starting of Vadavally Mission | 10th Feb 2013 |
| Starting of Ettimada Mission | 17th Feb, 2013 |
| Starting of St. Alphonsa Mission, Edayapalayam, (Mettupalayam) | 3rd March 2013 |
| Starting of Athipalayam Pirivu Mission (Ganapathy, Gandhipuram) | 11th Aug 2013 |
| Starting of Sowripalayam Mission | 20th Oct 2013 |
| Consecration of the St. Judes Church, Dharapuram | 21st Dec 2013 |
| Shifting of the Minor Seminary to the new building in Vadakkukadu (Kozhinjampara) | 06th Jan 2014 |
| Consecration of St. Alphonsa Church, Palladam | 1st Feb 2014 |
| Starting of Holy Mass at Peelamedu (Sitra) | 2nd Feb 2014 |
| Blessing of Presbytery, Dharapuram | 23rd Feb 2014 |
| Perpetual Adoration Centre at Lourde Forane Church, Gandhipuram | 8th Dec 2014 |
| Laying foundation stone for Mother Theresa Peace Home,Tirupur | 11th Apr 2015 |
| Laying foundation stone for the new church at Kuniamuthur | 25th Apr 2015 |
| "Samarpithavarsham" at Ramanathapuram Cathedral in connection with the year of the Consecrated (2014 Nov. 30 - 2016 Feb. 02) | 14th Jun 2015 |
| Laying Foundation Stone for the Community hall at "Rosary Garden" (RNM) | 11th Aug 2015 |
| Laying of the Foundation stones for Bishop's house and Pastoral Centre (by Mar Paul Alappatt) | 06th Nov 2015 |
| Formal blessing & inauguration of St. Mary's Minor Seminary , Vadakkukad (Pollachi) by Mar Andrews Thazhath, Metropolitan Archbishop of Trichur | 08th Dec 2015 |
| Opening of the "Door of Divine Mercy" at Cathedral | 13th Dec 2015 |
| 2nd Diocesan Bible convention at Ramanathapuram (Alvernia school ground) | 18 - 22nd Dec 2015 |
| Protest rally & meeting at Ramanathapuram against attach on a priest and three lay people in the diocese | 07th Feb 2016 |
| Blessing of the first phase of the Mother Theresa Peace Home Tirupur (By Bishop Paul Alappatt) | 11th Feb 2016 |

*With best compliments from*

**SAINT JOSEPH NURSERY SCHOOL**

Kattoor, Mettupalayam.

**AROKIAMATHA MATRICULATION SCHOOL**

Mahalingapuram, Pollachi - 02.

**TRINITY MATRICULATION HIGHER SECONDARY SCHOOL**

(Recognised by Government of Tamilnadu)

1872, Trichy Road, Ramanathapuram, Coimbatore - 641 045.

**SAINT CLOTHILDA PLAY SCHOOL**

Vellalore Road, Podanur.

